കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017 - 18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെഎസ്എ/കെഎൻആർ/സി.1/1575/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 - 2707698

തീയതി:14.11.2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

-----

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ 3-1, 3-3, 3-6 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഏയിംസ് വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

നം. കെഎസ്എ/കെഎൻആർ/സി.1/1575/2018.

തിയ്യതി:14.11.2018

**കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.06.2017 മുതൽ 07.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. സന്തോഷ്. ബി, ഡെപ്യൂട്ടി ഡയറക്ടർ. |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2018 മുതൽ 27.07.2018 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | 1) ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>2) ശ്രീ. ലീലാകൃഷ്ണൻ എൻ.എം, അസി. ഓഡിറ്റ് ഓഫീസർ.<br>3) ശ്രീ.വിജോഷ്.പി, അസി. ഓഡിറ്റ് ഓഫീസർ.<br>4) ശ്രീ.ലതീഷ് കുമാർ.കെ.കെ, ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

പ്രസിഡണ്ട് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.കെ .സത്യഭാമ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ. കെ.വി.സതീശൻ | 01.04.2017 മുതൽ 31.01.2018 വരെ |
| ശ്രീ.സിബി തോമസ് | 01.02.2018 മുതൽ 08.02.2018 വരെ |
| ശ്രീമതി.കെ.രമണി | 09.02.2018 മുതൽ 31.03.2018 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ,.വി. വൽസല<br>കെ.വി. വിദ്യാധരൻ | 010.4.2017 മുതൽ 31.10.2017 വരെ<br>01.11.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശരണ്യ ശശികുമാർ | 01.04.2017 മുതൽ 31.07.2017 വരെ |
| | രമ്യാഭായി.എം | 01.08.2017 മുതൽ 06.08.2017വരെ |
| | റജീന. എ | 07.08.2017മുതൽ 02.11.2017വരെ |
| | ഡയാന ജോസ്.എസ് | 03.11.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | രജിതാ രാഘവൻ<br>സുരേന്ദ്രൻ.ടി.വി | 01.4.2017 മുതൽ 03.11.2017വരെ<br>04.11.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | നാദിറ.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.സ്വാതി.ജയചന്ദ്രൻ | 01.04.2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ Homeo | ഡോ.സുബിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ദീപ്തി.സി.സി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഡി.എൻ.പ്രമോദ് | 01.4.2017 മുതൽ 19.06.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സിബി തോമസ് | 20.06.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയൻ അലക്സ് റെബലോ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.കെ.ശ്രീധരൻ | 01.04.2017മുതൽ 31.05.2017വരെ |
| ഹെഡ് മാസ്റ്റർ | എൽസമ്മ മാത്യ | 01.06.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1-പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം - 2-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഷോപ്പിങ്ങ് കോപ്ലക്സ് ബൈലോ തയ്യാറാക്കി വാടക പിരിച്ചെടുക്കാവുന്നതാണ് | 2-1 |
| 14 | വസ്തു നികുതി | 2-2 |
| 15 | തൊഴിൽ നികുതി | 2-3 |
| | ഭാഗം-3-ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | ഹെഡ് മിസ്ട്രസ് മുഖേന നടത്തിയ പദ്ധതികളിലെ അപാകങ്ങൾ | 3-1 |
| 17 | ഡയറി ഫാം ഇൻസ്ട്രക്റ്റർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ | 3-2 |
| 18 | അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയില്ല | 3-3 |
| 19 | മുൻകൂറായി തുകകൾ നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-4 |
| 20 | പദ്ധതി നിർവഹണം - എംജിഎൻആർഇജിഎസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല | 3-5 |
| 21 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-6 |
| 22 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 3-7 |
| | ഭാഗം-4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ - ഇല്ല | 4-3 |
| 26 | വായ്പ/വായ്പാ തിരിച്ചടവ് -ഇല്ല | 4-4 |
| 27 | സ്ഥിര നിക്ഷേപം | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 34 | റെസീപ്റ്റ് & പെയ്മന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 35 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 36 | ബാലൻസ് ഷീറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24-03-17 തീയതിയിലെ 44/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22-03-18 തീയതിയിലെ 1/86 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-18 | 7-06-18 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4-07-18,5-07-18 | നം. കെ. എസ്. എ കെ .എൻ.ആർ.സി1/1359/2018 തീയ്യതി 13-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27054968.09 |
| വരവ് | 55311896 |
| ആകെ | 82366864.09 |
| ചെലവ് | 66365905 |
| നീക്കിയിരിപ്പ് | 16000959.09 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്<br>-ജനറൽ<br>(ACR പ്രകാരം) | 0 | 17374000 | 17374000 | 12348134 | 5025866 |
| വികസന ഫണ്ട്<br>-എസ്.സി.പി<br>(ACR പ്രകാരം) | | 2217645 | 2217645 | 2075712 | 141933 |
| വികസന ഫണ്ട്<br>-ടി.എസ്.പി<br>(ACR പ്രകാരം) | | 5998 | 5998 | 5998 | 0 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | | 4535000 | 4535000 | 1935875 | 2599125 |
| മെയിന്റനൻസ്<br>നോൺ-റോഡ്<br>(ACR പ്രകാരം) | | 4096000 | 4096000 | 3168324 | 927676 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 8160131 | 8160131 | 6150072 | 2010059 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 3567763 | 3567763 | 3565790 | 1973 |
| സാക്ഷരത | | 29255 | 42523 | 71778 | 71778 | 0 |
| ദുരിതാശ്വാസനിധി | | 61208 | 55239 | 116447 | 30000 | 86447 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 5617391 | 5617391 | 5617391 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3714.80 | 532307 | 536021.80 | 534057 | 1964.80 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 472883 | 2148000 | 2620883 | 998000 | 1622883 |
| | ജില്ലാ പഞ്ചായത്ത് | 220209 | 824500 | 1044709 | 1021000 | 23709 |
| ബി ഫണ്ട് | | 0 | 593480 | 593480 | 593480 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9837000 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 12704235.50 | 11474975 | 24179210.50 | 11304600 | 12874610.5 |
| | ട്രഷറി | 13585817 | 12440164 | 26025981 | 23326993 | 2698988 |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

കുറിപ്പ്: ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം വരവ് 98,37,000/- രൂപ. ആയത് ബാങ്ക് അക്കൗണ്ട് മറ്റു വരവുകളും കൂടി ചെലവുകകളും ഉൾപ്പെടുന്നതിനാൽ ചെലവും നീക്കിയിരിപ്പും പരിശോധിക്കാനായിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 65539737 | 138 | 37704284 | 55 | 6 | 69.34 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)ഇല്ല

പദ്ധതി ആസൂത്രണം -അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-22) ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)നം.72/തസ്വഭവ,തീ.29.03.17) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ അനുബന്ധം ഖണ്ഡിക 2 ൽ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള ഒമ്പത് ഘട്ടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

I.ആസൂത്രണ സമിതിയുംവർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(എ) ആസൂത്രണസമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിൽ ആസൂത്രസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും 16-01-2017 ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിൻെറ

അടിസ്ഥാനത്തിൽ 15 അംഗ ആസൂത്രണസമിതി യും വർക്കിംഗ് ഗ്രൂപ്പുകളും 28-01-2017 തീയതിയിലെ 03/4/2017 തീരുമാനപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ആകെ 4 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്.(09-02-2017,16-03-2017, പിന്നീട് രണ്ടു തവണ യോഗം ചേർന്നിട്ടുണ്ടെങ്കിലും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല ). ആസൂത്രണസമിതിക്ക് മേൽ ചുമതലകൾ നിർവ്വഹിക്കേണ്ടതാണെങ്കിലും സ്റ്റാറ്റസ് റിപ്പോർട്ടും വികസന രേഖയും ചർച്ച ചെയ്തതായാണ് മിനുട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്.

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നീ രണ്ട് ഘട്ടങ്ങളുടെ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുക്കൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ.

ആകെ 13 വർക്കിംഗ് ഗ്രൂപ്പുകളാണ് പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ആകെ 3 പേർ ഹാജരായതായാണ് കാണുന്നത്. അജണ്ടയോ ,ചർച്ചയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

പ്രാദേശികം സാമ്പത്തിക വികസനം, മൃഗസംരക്ഷണം ക്ഷീരവികസനം, കുടിവെള്ളം, പൊതുമരാമത്ത് എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന യോഗങ്ങളിൽ അജണ്ടയോ ചർച്ചയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

II. <u>വികസനരേഖ തയ്യാറാക്കൽ</u>

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ സ്ഥിതിവിവരകണക്കുകളും പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വിശദമായി തന്നെ വികസനരേഖയിൽ പ്രതിഫലിക്കുന്നുണ്ട്.വിവിധ മേഖലകളുടെ വികസനാവസ്ഥ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സ്വീകരിച്ച വികസനതന്ത്രങ്ങൾ നടപ്പിലാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലുകൾ എന്നിവ സംബന്ധിച്ച് അപഗ്രഥനം നടത്തിയിട്ടുണ്ട്.

III.<u>ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ</u>

പദ്ധതി ആസൂത്രണത്തിലെ മൂന്നാം ഘട്ടമെന്ന് പറയുന്നത് ഗ്രാമസഭകൾ/ഊരുക്കൂട്ടങ്ങൾ യോഗം ചേരൽ എന്നിതാണ്. എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 17

വാർഡുകളാണുള്ളത്. എല്ലാ ഗ്രാമ സഭകളും 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

IV.വികസന സെമിനാർ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 11-05-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 152 പേർ പങ്കെടുത്തിട്ടുണ്ട്. വികസനസെമിനാറിൽ നടന്ന ചർച്ചകളെ സംബന്ധിച്ചോ തീരുമാനങ്ങളെ സംബന്ധിച്ചോ ഉള്ള വിശദാംശങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിട്ടില്ല. ആയതിനാൽ വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ടെന്നും പദ്ധതിയുടെ പൊതുവായ വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തിട്ടുണ്ടെന്നും ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

V.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളായ പദ്ധതി ആസൂത്രണത്തിൽ വിഭവ സ്രോതസുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക ,പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തിയതായും വിശദമായ തീരുമാനങ്ങൾ കൈക്കൊണ്ടതായും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതു വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുക, മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക ആവശ്യമായ നിർദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക തുടങ്ങിയ ചുമതലകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട രേഖകളും കണക്കുകളും തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്.

VI.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

VII.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

പഞ്ചായത്തിന്റെ 16-05-2017 ലെ സാധാരണ യോഗത്തിലെ 91/17 നമ്പർ തീരുമാന പ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 31-05-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രണ സമിതി യോഗത്തിൽ താഴെ പറയും പ്രകാരം അംഗീകാരം ലഭിക്കുകയും ചെയ്തു.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 199 |

| | |
|---|---|
| പുതിയ പ്രൊജക്ടുകൾ | 141 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 58 |
| ആകെ അടങ്കൽ | 65539737 |

VIII.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത വെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പ്രോജക്ടുകളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്ടുകൾക്ക് പരിശോധനയ്ക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

IX പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതിയുടെ രൂപീകരണത്തിനു ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). എന്നാൽ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ മേൽനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വെറ്റിനറി സർജ്ജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥരൊഴികെയുള്ളവർ മോണിറ്ററിംഗ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3714.80 | 532307 | 536021.80 | 534057 | 1964.80 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5617391 | 5617391 | 5617391 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 3714.80 | 6149698 | 6153412.8 | 6151448 | 1964.80 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 93,480 | 179 |
| കർഷക തൊഴിലാളി പെൻഷൻ | 1,18,14,900 | 4022 |
| വിധവാ പെൻഷൻ | 1,26,44,400 | 4150 |
| വാർദ്ധക്യകാല പെൻഷൻ | 2,86,46,600 | 8322 |
| വികലാംഗ പെൻഷൻ | 35,74,400 | 1186 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-07-18-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,520/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ജീവനക്കാർക്ക് കൃത്യമായ ചുമതലാവിഭജനം നടത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ തൻവർഷം നാലു തവണ ചേർന്നിട്ടുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ട്രാൻസാക്ഷനുകൾ അതാത് സമയം തന്നെ അക്കൗണ്ട് ചെയ്യുകയും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ആവശ്യമായ സമയങ്ങളിൽ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാഷ് ബുക്ക് - ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തലുകൾ പ്രതിമാസം തയ്യാറാക്കുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-06-18,08-06-18 | 1-05-18 മുതൽ31-05-18വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല | | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാൻറ് കലക്ഷൻ തുകകൾ സഞ്ചയ സോഫ്ററ് വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

2.ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിങ്ങ് കോപ്ലക്സ് ബൈലോ തയ്യാറാക്കി വാടക പിരിച്ചെടുക്കാവുന്നതാണ്

i)ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് ക്ലോംപ്ലക്സിലെ XV-ാം വാർഡിലെ കെട്ടിട നമ്പർ 703 മുതൽ 731 വരെയും VII-ാം വാർഡിലെ 431A, 431B എന്നീ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. വാടകയ്ക്ക് നൽകുന്ന മുറികൾക്ക് വേണ്ടി ബൈലോ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കി വാർഷിക വർദ്ധനവ് വരുത്തി വാടക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii) വാടക കുടിശ്ശിക പിരിച്ചെടുത്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2017-18 ലെ ബാലൻസ് ഷീറ്റ് പ്രകാരം 134202/- രൂപ വാടക ഇനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/17-18 തീ.24.07.2018) വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കി വാടക കുടിശ്ശിക പിരിച്ചെടുത്ത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി

തൻവർഷം വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ 100% നേട്ടം കൈവരിക്കുന്നതിന് വേണ്ടി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വരും വർഷങ്ങളിലും ഈ നേട്ടം നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ തികുതി) ചട്ടങ്ങളിലെ ചട്ടം 10 ലെ ഉപചട്ടം (1) പ്രാകാരം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കുവാൻ ബാദ്ധ്യസ്ഥരായ ആളുകളോടും കമ്പനിയോടും ഫോറം നമ്പർ VI പ്രകാരം നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിച്ച് ആയവ പരിശോധിച്ച് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/2017-18 തീ.24.07.2018) ചട്ട പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്

എന്നാണ് അറിയിച്ചത്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ചട്ടപ്രകാരം നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലം ജോലി ചെയ്ത താഴെപ്പറയുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പേര് | സ്ഥാപനം | റിമാർക്സ് |
|---|---|---|
| ശ്രീ.കൃഷ്ണൻ പത്താനത്ത് | എസ്.ബി.ഐ. മാതമംഗലം | 30.11.2017-ന് വിരമിച്ചു |

തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/2017-18 തീ.24.07.2018) മറുപടിയായി സ്ഥാപന മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. തൊഴിൽ നികുതി പത്രിക ലഭ്യമാക്കി തൊഴിൽ നികുതി ഈടാക്കുവാൻ നപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹെഡ് മിസ്ട്രസ് മുഖേന നടത്തിയ പദ്ധതികളിലെ അപാകങ്ങൾ -

(എ) പ്രോജക്റ്റ് പൂർത്തീകരിക്കുന്നതിനു മുമ്പ് തുക നൽകി

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ് മുഖേന നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ താഴെ പറയുന്നു.

(1) പ്രോജക്ടിന്റെ പേര് : എസ്. 071/18 വായനശാലകൾക്ക് ആനുകാലികങ്ങൾ വാങ്ങൽ

ചെലവു തുക : 42536/- (വികസന ഫണ്ട്)

ബിൽ നം. : 14/2017-18/17.03.2018

(2) പ്രോജക്ടിന്റെ പേര് : എസ്.070/18 വിദ്യാലയങ്ങൾക്ക് പത്രമാസികകൾ നൽകൽ

ചെലവു തുക : 40,872/- (തനത് ഫണ്ട്)

ചെക്ക് നം. : 2943838/23.02.2018

ഗ്രാമപഞ്ചായത്തിലെ 14 വായനശാലകൾക്കും 11 വിദ്യാലയങ്ങൾക്കും ആനുകാലികങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടുകളാണിവ. എന്നാൽ തുക മുൻകൂർ ആയാണ് നൽകിയിരിക്കുന്നത്. നൽകിയ തുകയ്ക്കുള്ള ആനുകാലികങ്ങൾ 2019 മാർച്ച് മാസത്തോടെ

മാത്രമേ പൂർണമായി ലഭിക്കുകയുള്ളൂ. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനു മുമ്പു തന്നെ തുക നൽകിയത് ശരിയായ നടപടിയല്ല.( ജി.ഒ.(പി) 177/2006/2006/ഫിൻ. തീയതി 12.04.06 കാണുക). അപാകം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

(ബി) കരാട്ടെ പരിശീലനത്തിന് അധിക നിരക്കിൽ തുക നൽകിഃ

പ്രോജക്ടിന്റെ പേര് : എസ്. 035/18 വിദ്യാർത്ഥികൾക്ക് യോഗ, കളരി, കരാട്ടെ പരിശീലനം

ബിൽ നം. : 10/17-18/12.02.2018 (50,000/- വി.ഫ.)

കരാർ തീയ്യതി : 07.12.2017

ഗ്രാമപഞ്ചായത്തിലെ 6 വിദ്യാലയങ്ങളിലെ കുട്ടികൾക്ക് 15 ദിവസം വീതം ആകെ 90 ദിവസം യോഗ പരിശീലനം നൽകിയതിന് മലബാർ ഏജൻസീസ്, പഴയങ്ങാടി എന്ന സ്ഥാപനത്തിന് 50,000/- രൂപ നൽകിയിട്ടുണ്ട്. സ.ഉ.(സാധാ)നം.3190/2017/ത.സ്വ.ഭ.വ. തീ.03.10.2017 പ്രകാരം യോഗ പരിശീലനത്തിന് പ്രതിദിനം 400/- രൂപയാണ് നൽകാവുന്നത്. അതായത് 90x400=36,000/- രൂപ. അധികം നൽകിയ 14,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. സബ്സിഡി അനുവദിക്കുമ്പോൾ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

(സി) പി.എസ്.സി. കോച്ചിംഗിന് തുക ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്കു വിരുദ്ധംഃ

(1) പ്രോജക്ടിന്റെ പേര് : എസ്.147/18 പി.എസ്. സി. കോച്ചിംഗ് (എസ്.സി)

ബിൽ നം. : 03/17-18/26.12.2017

ചെലവു തുക : 10,000/- (വികസന ഫണ്ട്)

(2) പ്രോജക്ടിന്റെ പേര് : എസ്.150/18 പി.എസ്.സി. കോച്ചിംഗ് (എസ്.ടി)

ബിൽ നം. : 04/17-18/26.12.2017

ചെലവു തുക : 5,000/- (വികസന ഫണ്ട്)

മേൽ പ്രോജക്ടുകൾ പ്രകാരം മൂന്നു വിദ്യാർത്ഥികൾക്കായി 5,000/- രൂപ വീതം പി.എസ്.സി കോച്ചിംഗ് സെന്ററിന് നൽകിയിട്ടുണ്ട്. ഇങ്ങനെ തുക നൽകുന്നതിന് നിലവിൽ സർക്കാരിന്റെ അനുവാദമില്ല. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതാണ്. 15,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.സബ്സിഡി അനുവദിക്കുമ്പോൾ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 3-2 ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന 2017-18 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര് : എസ്. 040/18 തീറ്റപ്പുൽകൃഷി വ്യാപനം

ചെലവുതുക : 20,000/- (വികസനഫണ്ട്)

ബിൽ നം. : 01/2017-18/30.01.2018

ഡി.പി.സി.അംഗീകാരം : 82/2017/DPC/DPO/KNR/31.05.2017

ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനാവശ്യമായ പുൽത്തണ്ടുകൾ വിതരണം നടത്തുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിന് 2017 മെയ് മാസം തന്നെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത് 2018 ജനുവരി മാസത്തിൽ മാത്രമാണ്. തീറ്റപ്പുൽകൃഷിക്ക് അനുയോജ്യമായ വർഷകാലത്തു തന്നെ പ്രോജക്ട് നടപ്പാക്കാമെന്നിരിക്കേ ഇപ്രകാരം കാലതാമസം വരാനിടയായ സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 <u>അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയില്ല</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം, വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 57 കുടുംബങ്ങളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി 1,30,76,472/- രൂപ അടങ്കലുള്ള പദ്ധതി 05.07.2018- ന് ഭരണസമിതി അംഗീകാരം നൽകിയതായി സി.ഡി.എസ് ചെയർ പേഴ്സൺ അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-4 <u>മുൻകൂറായി തുകകൾ നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല</u>

| നിർവ്വഹണം | പ്രൊജക്ട് | അടങ്കൽ | ബിൽ നം. തീയ്യതി | തുക |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ഗവ:ആയുർവേദ ഡിസ്പെൻസറി | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ S0024/18 | 600000 (MG.NR) | 1/17-18 തീ.20.07.2017 | 600000 രൂപ |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസ്സർ ഗവ ഹോമിയോ ഡിസ്പൻസറി | ജിഎച്ച് ഡി എരമം ജിഎച്ചഡി വെള്ളോറ എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങൽ | 200000 (MG.NR) | 6/17-18 തീ.22.01.2018 | 200000 രൂപ |
| മെഡിക്കൽ ഓഫീസ്സർ<br>പ്രൈമറി ഹെൽത്ത് സെന്റർ | സാന്ത്വന പരിചരണ പദ്ധതി S0023/18 | സാന്ത്വന പരിചരണ പദ്ധതി S0023/18<br>അടങ്കൽ-500000 (വി.ഫ.ജനറൽ)<br>-50000 (ജി.പ.വിഹിതം) -50000(ബ്ലോ.പ.വിഹിതം) | 8/17-18 തീ.30.11.2017 73901 രൂപ<br>-10/17-18 തീ. 22.01.2018 108745 രൂപ<br>-ചെക്ക് നം.-2904424 തീ.30.11.2017 44256 രൂപ (11498 രൂപ മരുന്നുകൾ ലഭിക്കുന്നതിന് വേണ്ടി നൽകി) | 159300 |

മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി ഔഷധി, ഹോംകൊ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്, എന്നാൽ സ്ഥാപനങ്ങൾ ഇതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല, മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല

2017-18 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ [ഖണ്ഡിക 8-1, 8-2 ജി.ഒ(എം.എസ്)80/2017തസ്വഭവ തീ. 03.4.2017] എംജിഎൻആർഇജിഎസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ നടപ്പിലാക്കിയ പദ്ധതികളിൽ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ നടത്തിപ്പിൽ സബ്സിഡി മാർഗരേഖ വ്യതിചലനം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എ)കശുമാവ് ഗ്രാഫ്റ്റ് വിതരണം(പ്രോ.നം.s0025/18)

സർക്കാർ അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങി ഒരാൾക്ക് പരമാവധി 10എണ്ണം വീതം വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്റ്റ്.2017-18വർഷത്തെ പദ്ധതിനടത്തിപ്പുമായിബന്ധപ്പെട്ട സബ്സിഡി മാർഗരേഖയിൽ[ജി.ഒ(എം.എസ്)80/17 /ത.സ്വ.ഭ.വ തീ.03.4.2017] കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ

തൈകൾ വിതരണം ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.എന്നാൽ വിതരണ റജിസ്റ്റർ പരിശോധിച്ചതിൽ സ്ഥലത്തിന്റെ വിസ്തൃതി പരിഗണിക്കാതെ എല്ലാവർക്കും 10എണ്ണം വീതമാണ് വിതരണം ചെയ്തിരിക്കുന്നത്. [ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/17-18) ലഭിച്ച മറുപടിയിൽ പഞ്ചായത്തിലെ പരമാവധി കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് 10എണ്ണം വീതംവിതരണം ചെയ്തിരിക്കുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്]

ബി)<u>തരിശ് രഹിത പഞ്ചായത്ത്-നെൽകൃഷിക്ക് കൂലിച്ചെലവ്(പ്രോ.നം.ട0131/18)</u>

പഞ്ചായത്തിലെ തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്കു പ്രോത്സാഹനം നല്കുന്നതിനായി തരിശു നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ഹെക്ടറിന് 15000/ രൂ. നിരക്കിലാണ് കൂലിച്ചെലവ് അനുവദിച്ചിരിക്കുന്നത്.എന്നാൽ 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സബ്സിഡി മാർഗരേഖയിൽ[ജി.ഒ(എം.എസ്)80/17/ത.സ്വ.ഭ.വ തീ.03.4.2017] നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ഹെക്ടറിന് 17000/ രൂ.നിരക്കിൽ(പരമാവധി 30000/രൂ.) അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.[ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/17-18) ലഭിച്ച മറുപടിയിൽ പഞ്ചായത്തിലെ പരമാവധി തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനു വേണ്ടിയാണ് കൂലിച്ചെലവ് 15,000/ രൂപയിൽ നിജപ്പെടുത്തിയതെന്നാണ് അറിയിച്ചിരിക്കുന്നത്]

സി)<u>കുടുംബശ്രീ അംഗങ്ങൾക്ക് പ്ലാവിൻതൈ വിതരണം(പ്രോ.നം.ട0026/18)</u>

2000 കുടുംബശ്രീ അംഗങ്ങൾക്ക് ഒരു് പ്ലാവിൻ തൈ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് (1240 പേർക്ക് വിതരണം ചെയ്തു). 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സബ്സിഡി മാർഗരേഖയിൽ [ജി.ഒ(എം.എസ്)80/17/ത.സ്വ.ഭ.വ തീ.03.4.2017] ഫല-പുഷ്പ ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും ചെറുകിട/നാമമാത്ര കർഷകർ/പാട്ട കൃഷിക്കാർ/കർഷക ഗ്രൂപ്പുകൾ ചെറുകിട കർഷകർ എന്നിവർക്കാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി കുടുംബശ്രീ അംഗങ്ങൾക്ക് മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/17-18) ലഭിച്ച മറുപടിയിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ 2017-18 ലെ വാർഷിക പദ്ധതി മാർഗരേഖ [ജി.ഒ(എംഎസ്)72/2017/തസ്വഭവ തീ.29.3.2017] പ്രകാരം മേൽ പ്രൊജക്ടിനെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ് .

## 3-7 <u>പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല</u>

2016–ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ആയത് കണക്കാക്കി ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 605500 | കർഷകർക്ക് നെൽവിത്തും കൂലിചെലവ് സബ്സിഡിയും | 605500 | |
| ജില്ലാപഞ്ചായത്ത് | | 32000 | കർഷകർക്ക് നെൽവിത്തും കൂലിചെലവ് സബ്സിഡിയും | 32000 | |
| ജില്ലാപഞ്ചായത്ത് | | 200000 | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | |
| ബ്ലോക്ക്പഞ്ചായത്ത് | | 50000 | സാന്ത്വന പരിചരണ പരിരാടി | 50000 | |
| ജില്ലാ പഞ്ചായത്ത് | | 50000 | സാന്ത്വന പരിചരണ പരിപാടി | 50000 | |
| ബ്ലോക്ക്പഞ്ചായത്ത് | | 42500 | വനിത്ഗ്രൂപ്പിന് പച്ചക്കറി കൃഷിക്കും ഉൽപ്പാദന ഉപാധികൾക്കും കൂലി ചെലവിനും സബ്സിഡി | 42500 | |
| ജില്ലാ പഞ്ചായത്ത് | | 42500 | വനിതാഗ്രൂപ്പിന് പച്ചക്കറി കൃഷിക്കും ഉൽപ്പാദന ഉപാധികൾക്കും കൂലി ചെലവിനും | 42500 | |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| ബ്ലോക്ക്പഞ്ചായത്ത് | | 300000 | പാലുൽപ്പാദനത്തിനു സബ്സിഡി | 300000 | |
| ജില്ലാ പഞ്ചായത്ത് | | 500000 | പാലുൽപ്പാദനത്തിനു സബ്സിഡി | 500000 | |
| ബ്ലോക്ക്പഞ്ചായത്ത് | | 250000 | എരമം നോർത്ത് പാറക്കടവ് ചെക്ക് ഡാം റിപ്പയർ | | 250000 |
| ബ്ലോക്ക്പഞ്ചായത്ത് | | 350000 | പുല്ലൻചിറ വി. സി. റിപ്പയർ | | 350000 |
| ബ്ലോക്ക്പഞ്ചായത്ത് | | 200000 | പരപ്പ വയൽ വി.സി. ബി. റിപ്പയർ | | 200000 |
| ബ്ലോക്ക്പഞ്ചായത്ത് | | 350000 | കടയക്കര വി.സി. ബി .റിപ്പയർ | | 350000 |
| ആകെ | | 2972500 | | 1822500 | 1150000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മീറ്ററിംഗ്സംവിധാനം | 41400281 | 164300 | 164300 | 0 |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടി-കുടിവെള്ള പദ്ധതി | 21500996 | 54000 | 54000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ-

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | മലബാർ ടൂറിസം ഡവലപ്മെൻറ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് ബി. ക്ലാസ് ഷെയർ സ.നം. 0037/14.7.15 | 14.07.2015 | - | 20000 | |
| 2. | കാനന്നൂർ കോ.ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി സി. ക്ലാസ് ഷെയർ | 09.04.2015 | | 5000 | |
| ആകെ | | | | 25000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13,725/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 1758 | അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി | 117030100166 19.4.2017 |
| | 3-2 | 11967 | അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി | 117030100167 19.04.2017 |
| ആകെ | | 13725 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-9 | 2005-06 | 2-89-1 | സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ഗുരുതരമായ ക്രമക്കേടുകൾ | ഖണ്ഡികയിലെ നഷ്ടമായ തുക 20595/- രൂപ മുൻ സെക്രട്ടറി ശ്രീ.പി.പോൾ എന്നവരുടെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൻെSTSB അക്കൗണ്ടിൽ 11-04-18 ന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55311896 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66365905 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(ബി) | | 14,000 | എൽസമ്മ മാത്യു, ഹെഡ്മിസ്ട്രസ് |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(സി) | 15000 | എൽസമ്മ മാത്യു, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൽസമ്മ മാത്യു, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്., മാതമംഗലം | പള്ളിക്കര, നീലേശ്വരം പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 10 | |
| 2000-01(പ.വി) | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 1 | |
| 2000-01പ.വി.ഒഴികെ | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 2 | |
| 2001-02 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 3 | |
| 2002-03 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 5 | |
| 2003-04 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 2 | |
| 2005-06 | നം.കെ.എസ്.എ/കെ. | 3 | |

| | | | |
|---|---|---|---|
| | എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | | |
| 2006-07 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 1 | |
| 2007-08 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 3 | |
| 2008-09,09-10,10-11 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 33 | |
| 2011-12 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 14 | |
| 2012-13,13-14 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 13 | |
| 2014-15 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 12 | |
| 2015-16 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-147/17 തീയ്യതി 24-03-18 | 12 | |
| 2016-17 | നം.കെ.എസ്.എ/കെ. എൻ.ആർ/സി1-1/1132/2017 തീയ്യതി 20-07-17 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ./സി.1 / 1575/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി:

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF ERAMAM KUTTOOR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 27054968.09<br>0 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1334200 |
| 140000000 | Fees & User Charges | RP-4 | 915294 |
| 150000000 | Sale & Hire Charges | RP-5 | 106090 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39682385 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 448731 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6559241 |
| 350000000 | Other Liabilities | RP-36 | 59267 |
| Non operating | | | |
| 180000000 | Other Income | RP-10 | 76 |
| 340000000 | Earmarked Fund | RP-29 | 55239 |
| 350000000 | Deposits Received | RP-34 | 284055 |
| 431000000 | Other Liabilities | RP-36 | 303281 |
| 460000000 | Sundry Debtors (Receivables) | RP-43 | 5326092 |
| 460000000 | Loans,Advances and Deposits | RP-47 | 237945 |
| Grand Total | | | 82366864.09 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2996970 |
| 220000000 | Administrative Expenses | RP-12 | 874463 |
| 230000000 | Operations & Maintenance | RP-13 | 645912 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6253746 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12278769 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 791640 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 647435 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 595480 |
| 255000000 | Maintance Projects | RP-20 | 5386865 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 48000 |
| 260000000 | Grants, Contributions & Compensations from Own Fund | RP-22 | 10000 |
| 280000000 | Prior period item | RP-26 | -169988 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Othes Liabilities | RP-36 | 4369186 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 734 |

| | | | |
|---|---|---|---|
| 280000000 | Prior Perid Items | RP-26 | _6068 |
| 311000000 | Earmarked Funds | RP-29 | 30000 |
| 330000000 | Secured Loans | RP-32 | 0 |
| 340000000 | Deposits Received | RP-34 | 95494 |
| 350000000 | Other Liabilities | RP-36 | 2203756 |
| 410000000 | Fixed Assets | RP-38 | 6968054 |
| 412000000 | Capital Work in Progress | RP-40 | 2103416 |
| 460000000 | Loans, Advances and Deposits | RP-47 | 931819 |
| 431000000 | Sundry debtors receivables | RP-43 | 19310222 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 15846168.09154791 |
| Grand Total | | | 82366864.09 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF ERAMAM KUTOOR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4609625 |
| 130000000 | Rental Income from panchayat properties | I-3 | 789750 |
| 140000000 | Fees & User Charges | I-4(b) | 1064419 |
| 150000000 | Sale & Hire Charges | I-5(b) | 106090 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 101631748 |
| 171000000 | Interest Earned | I-8 | 448731 |
| 180000000 | Other Income | I-9 | 76 |
| A | Total Income | | 108650439 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 8915372 |
| 220000000 | Administrative Expenses | I-11(b) | 875571 |
| 230000000 | Operations & Maintenance | I-12(b) | 909294 |
| 240000000 | Interest & Finance Charges | I-13 | 734 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 13003746 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15480125 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 877100 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 647435 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 58052921 |
| 255000000 | Maintance Projects | I-14(e) | 5386865 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 49000 |
| 260000000 | Grants, Contributions&Compemsations From Own Fund | I-15 | 10000 |
| 272000000 | Depreciation | I-17(a) | 3956545 |
| B | Total Expenditure | | 108163708 |

| | | | |
|---|---|---|---|
| C=A-B | Gross Surplus / Defict Income over Expenditure | | 486731 |
| D= 280000000 | Prior Period Item | I-18 | -800957 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 1287688 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-4

# BALANCE SHEET OF ERAMAM KUTTOOR GRAMA PANCHAYAT AS ON 31-3-2018

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 22864501.5 |
| 311000000 | Earmarked Funds | B-2 | 86447 |
| 312000000 | Reserves | B-3 | 47852028 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 70802976.5 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 5854206.59 |
| | Total Grants,Contribution for specific purposes | | 5854206.59 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 517790 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1324937 |
| | Total Current Liabilities and Provisions | | 1842727 |
| | TOTAL LIABILITIES | | 78499910.09 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 57674385 |
| 411000000 | Accumulated Depreciation | B-11 | (170972870 |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 2103416 |
| | Total Fixed Assets | | 42680514 |
| | INVESTMENT | | |
| 420000000 | investments | B-12 | 25000 |
| | TOTAL INVESTMENTS | | 25000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 19508308 |
| 440000000 | Pre-Paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 16000959.09 |
| 460000000 | Loans, Advances and Deposits | B-18 | 285129 |
| | Total Current Assets,Loans and Advances | | 35794396.09 |
| | TOTAL ASSETS | | 78499910.09 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.